©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ആഗസ്റ്റ് 3<br>3rd August 2021<br>1196 കർക്കടകം 18<br>18th Karkadakam 1196<br>1943 ശ്രാവണം 12<br>12th Sravana 1943 | നമ്പർ<br>No. | 31 |

# PART III

# Judicial Department

**എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസ് (വിജിലൻസ്)**

ലേലം/ദർഘാസ് പരസ്യം

നമ്പർ ഇ 1752/2017/ഇ.സി.റ്റി. 2021 ജൂലൈ 12.

തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ അധീനതയിൽ ഉള്ളതും നിലവിൽ പ്രവർത്തനക്ഷമവുമായ KL-01-AV 2169 എന്ന രജിസ്ട്രേഷൻ നമ്പരിലുള്ള 2009 മോഡൽ ഡീസൽ അംബാസിഡർ കാർ 14–9–2021–ന്, 3 മണിക്ക് ടി കാര്യാലയത്തിൽ വെച്ച് പരസ്യമായി ടെണ്ടർ/ലേലം വഴി വില്പന നടത്തുന്നതാണ്. മേൽ ദിവസം പൊതു അവധി വരികയോ മറ്റെന്തെങ്കിലും കാരണത്താൽ ലേലം നടക്കാതെ വരികയോ ചെയ്താൽ തൊട്ടടുത്ത ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് വാഹനം, ലേല ദിവസം ഒഴികെയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30-നും വൈകുന്നേരം 4.30-നും മദ്ധ്യേയുള്ള സമയങ്ങളിൽ ഓഫീസ് മേലധികാരിയുടെ അനുവാദത്തോടെ പരിശോധിക്കാവുന്നതാണ്.

നിബന്ധനകൾ

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ഹാജരാകേണ്ടതും ലേലദിവസം 2 മണിക്ക് മുമ്പായി ₹ 1,500 (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ വാഹനം വാങ്ങുന്നതിന് മുൻകൂറായി സീൽ വെച്ച് ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്. ടെണ്ടറുകൾ നൽകുവാൻ ആഗ്രഹിക്കുന്നവർ ആ വിവരം വെള്ള കടലാസിലെഴുതി മേൽ പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ഈ കാര്യാലയത്തിൽ കെട്ടിവെച്ച് രസീത് ഉൾപ്പെടെ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കോടതി, വഞ്ചിയൂർ പി. ഒ., തിരുവനന്തപുരം എന്ന് മുദ്രണം ചെയ്ത കവറിൽ 13–9–2021–ന് വൈകുന്നേരം 5 മണിക്ക് മുമ്പായി കിട്ടത്തക്കവണ്ണം നേരിട്ടോ തപാൽ മാർഗ്ഗമോ സമർപ്പിക്കാവുന്നതാണ്. നിരതദ്രവ്യം അടച്ചതിന്റെ രശീതി ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ അയയ്ക്കുന്ന കവറിന്റെ പുറത്ത് മുകളിൽ ഇടതുവശത്തായി വാഹനം വാങ്ങുവാനുള്ള ടെണ്ടർ എന്ന് വ്യക്തമായി എഴുതിയിരിക്കണം.

ഇപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ 14-9-2021-ാം തീയതിയിൽ നടത്തപ്പെടുന്ന പരസ്യലേലത്തിനോടൊപ്പം തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ടെണ്ടറുകാരുടെയോ, അവരുടെ നിയമാനുസൃതമായ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക കാണിക്കുന്നവർക്ക് ടി വകുപ്പ് മേലധികാരിയുടെ അംഗീകാരത്തിന് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവരും ടെണ്ടറുകൾ സമർപ്പിക്കുന്നവരും സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്ന് (ഇലക്ഷൻ ഐ. ഡി. കാർഡ്, പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, ആധാർ കാർഡ്) പകർപ്പിനോടൊപ്പം ഹാജരാക്കേണ്ടതാണ്. ലേലം കൊള്ളുന്ന ആൾ നിരതദ്രവ്യം കഴിച്ചുള്ള ടെണ്ടർ/ലേല തുക അന്നേ ദിവസംതന്നെ ഈ കാര്യാലയത്തിൽ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. മേൽ വിൽപന നിലവിലുള്ള വിൽപന നികുതിയ്ക്ക് വിധേയമായിരിക്കും. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തി 10 ദിവസത്തിനകം സ്വന്തം ചെലവിൽ പ്രസ്തുത വാഹനം ഈ കാര്യാലയ പരിസരത്ത് നിന്നും മാറ്റേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ടി വാഹനം ഈ കാര്യാലയ പരിസരത്ത് നിന്നും നീക്കം ചെയ്തില്ലെങ്കിൽ പ്രസ്തുത വാഹനം ഈ കാര്യാലയ പരിസരത്ത് അധികമായി സൂക്ഷിച്ച ദിവസങ്ങൾക്ക് നിശ്ചിത തുക ഫീസായി ഒടുക്കിയാൽ മാത്രമേ ടി വാഹനം ലേലം സ്ഥിരീകരണം ലഭിച്ച വ്യക്തിക്ക് പിന്നീട് വിട്ടു നൽകുകയുള്ളു.

മേൽ പ്രസ്താവിച്ച നിബന്ധനകൾക്ക് വിപരീതമായി ടെണ്ടർ/ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടെണ്ടർ/ലേലം ചെയ്ത വാഹനം പുനർ ലേലം ചെയ്യുകയും ആ വകയിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ടെണ്ടർ/ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും ടിയാൻ അടച്ച നിരതദ്രവ്യം അടക്കമുള്ള തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും നഷ്ട സംഖ്യ കുടിശ്ശിക നിയമം അനുസരിച്ച് ടിയാളിൽ നിന്ന് വസൂലാക്കുന്നതുമാണ്. എന്നാൽ പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും ലാഭം ഉണ്ടാകുകയാണെങ്കിൽ ആയതിന് ടിയാന് യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല. ലേലം കഴിഞ്ഞാലുടൻ ടെണ്ടർ/ലേലം നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചുകൊടുക്കുന്നതാണ്. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നവർ മേൽ പ്രസ്താവിച്ച നിബന്ധനകൾ പൂർണ്ണമായും നിർബന്ധമായും പാലിക്കേണ്ടതാണ്.

അവിചാരിതമായ കാരണങ്ങളാൽ ലേലം നീട്ടി വെയ്ക്കേണ്ടിവന്നാൽ ലേല നടപടികൾ നിർത്തി വയ്ക്കുന്നതിനും പ്രത്യേകം കാരണങ്ങൾ ഒന്നും കൂടാതെ തന്നെ ലേലം സ്ഥിരപ്പെടുത്താനും അസ്ഥിരപ്പെടുത്താനുമുള്ള പൂർണ്ണ അധികാരം ഈ വകുപ്പിന്റെ മേലധികാരിയായ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയിൽ നിക്ഷിപ്തമാണ്.

എൻക്വയറി കമ്മീഷണർ
ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ
ഓഫീസ് (വിജിലൻസ്),
തിരുവനന്തപുരം.

(ഒപ്പ്)
എൻക്വയറി കമ്മീഷണർ
ആന്റ് സ്പെഷ്യൽ ജഡ്ജി.



Salim A
Digitally signed by Salim A
Date: 2021.09.20 19:26:22 +05'30'